**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1748** **20-06-2024 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻകരയിലെ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ സ്ഥലമെടുപ്പ് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 13.11.2017ലെ സ.ഉ(സാധാ) നം. 285/2017/ ഉ.വി.വ പ്രകാരം ഭരണാനുമതി ലഭിച്ച, തീരദേശ മണ്ഡലമായ വൈപ്പിൻകരയിലെ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ സ്ഥലമെടുപ്പിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി കിഫ്ബി അംഗീകാരം ലഭ്യമാക്കുന്നതിനായി 19.06.2019 ലെ സർക്കാർ ഉത്തരവ് നം.173/2019/ഉ.വി.വ. പ്രകാരം നിർവ്വഹണ ഏജൻസിയായി നിയമിക്കപ്പെട്ടിരുന്ന കിറ്റ്കോ സ്വീകരിച്ചിരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | വൈപ്പിൻ കോളേജിന്റെ നിർമ്മാണ പ്രവർത്തനത്തിനായുള്ള സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായിട്ടില്ല. സ്ഥലം ഏറ്റെടുത്തു നിർവ്വഹണ ഏജൻസി ആയ കിറ്റ്കോയ്ക്ക് കൈമാറിയാൽ മാത്രമേ കിറ്റ്കോയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളു. |
| (ബി) | എം.എൽ.എ.യുടെ ആവശ്യപ്രകാരം 07.07.2023 ൽ ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത യോഗ തീരുമാനപ്രകാരം എറണാകുളം ജില്ലാകളക്ടർ, അനുയോജ്യമാണെന്ന റിപ്പോർട്ട് സമർപ്പിച്ച സ്ഥലം വർഷങ്ങൾക്ക് മുൻപ് നിർദ്ദേശിക്കപ്പെട്ടിട്ടും പ്രസ്തുത സ്ഥലം ഏറ്റെടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നതിന് കാരണം വിശദമാക്കാമോ; | (ബി) | യു.ജി.സി മാനദണ്ഡങ്ങളനുസരിച്ചു ഒരു കോളേജിന് ചുരുങ്ങിയത് 5 ഏക്കർ ഭൂമിയെങ്കിലും ഉണ്ടെങ്കിൽ മാത്രമേ യൂണിവേഴ്സിറ്റിയുടെ അഫിലിയേഷൻ പ്രാപ്തമാകുകയുള്ളു. വൈപ്പിൻ പോലെ ജനസാന്ദ്രത കൂടിയതും ദ്വീപ് പ്രദേശമായതിനാൽ തീരദേശ പരിപാലന മേഖലയിൽ ഉൾപ്പെട്ടിരുന്നതും കെട്ടിട നിർമ്മാണം നടത്തുന്നതിന് ഉപയോഗപ്രദമായ ഭൂമി കണ്ടെത്തുന്നത് വളരെ ശ്രമകരമായതുമായ പ്രദേശത്ത് 5 ഏക്കർ വരുന്ന ഭൂമി ഏറ്റെടുക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. ഒരുമിച്ചു 5 ഏക്കർ കണ്ടെത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് കാരണമാണ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വൈകുന്നതിന് ഇടയായത്. പ്രസ്തുത കോളേജിന്റെ വികസനത്തോടനുബന്ധിച്ച് സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത കോളേജിന്റെ സ്ഥലമെടുപ്പിനും അടിസ്ഥാന സൗകര്യവികസനത്തിനും അനുവദിച്ച തുക സമയബന്ധിതമായി വിനിയോഗിക്കാത്തതിനാൽ തുക നഷ്ടപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ഇതിന് ഉത്തരവാദി | (സി) | വൈപ്പിൻ കോളേജ് നിർമ്മാണത്തിന് കിഫ്ബി ഫണ്ടിൽ നിന്നും 10.95 കോടി വകയിരുത്തിയിട്ടുണ്ട്. നിലവിൽ തുക നഷ്ടപ്പെടുന്ന സാഹചര്യം ഇല്ല. |

| | | | |
|---|---|---|---|
| | ആരെന്നും പ്രസ്തുത തുക നഷ്ടമാകാൻ കാരണമായവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ